# सम्बन्धमाभाषणपूर्वकम्

ആഭാഷണപൂർവകമായിരിക്കുന്ന സംബന്ധം. സംബന്ധം- സമ്യക്കായിരിക്കുന്ന ബന്ധം, നല്ല രീതിയിലുണ്ടാകുന്ന പരസ്പരബന്ധം. രണ്ടു വ്യക്തികൾ തമ്മിൽ പരസ്പരബന്ധമുണ്ടാകുന്നതിന്- ബന്ധുക്കളായി തീരുന്നതിന് ഏതെങ്കിലും തരത്തിലുള്ള സംഭാഷണം കാരണമായിത്തീരുന്നു. കാളിദാസമഹാകവിയുടെ **രഘുവംശം രണ്ടാം** സർഗത്തിലെ ഏതാനും ശ്ലോകങ്ങളിലൂടെ ശീർഷകത്തിൻറെ ഔചിത്യം സമർഥിക്കപ്പെട്ടിരിക്കുന്നു. രണ്ടാം സർഗത്തിൽ നന്ദിനിയെ പരിചരിക്കുന്ന ദിലീപനും നന്ദിനിയെ കടന്നുപിടിച്ച കുംഭോദരൻ എന്ന സിംഹവും തമ്മിലുണ്ടായ സംഭാഷണത്തെ വർണിക്കുന്ന ഏതാനും പദ്യങ്ങളാണ് പ്രതിപാദ്യം.

विश्वप्रसिद्ध: महाकवि: **भवति** कविकुलगुरु: कालिदास:। **पञ्चमहाकाव्येषु** रघुवंशं कुमारसम्भवं च **तेन** विरचितम्। रघुवंशमहा**काव्यस्य** द्वितीय**सर्गाद्** उद्धृतोयं पाठभाग:।

വിശ്വപ്രസിദ്ധനായ മഹാകവി **ആകുന്നു** കവികുലഗുരുവായ കാളിദാസൻ. **പഞ്ചമഹാകാവ്യങ്ങളിൽ** രഘുവംശവും കുമാരസംഭവവും **അദ്ദേഹത്തിനാൽ** രചിക്കപ്പെട്ടു[1]. രഘുവംശമഹാ**കാവ്യത്തിൻറെ** രണ്ടാം **സർഗത്തിൽനിന്നു**മെടുത്തതാകുന്നു ഈ പാഠഭാഗം.

Dr.Koramangalam Krishnakumar

दिलीप: **सूर्यवंशस्य** प्रबल: राजा **आसीत्**।अनपत्यता**दु:खेन** विषण्ण: दिलीप: **पत्न्या** सुदक्षिणया **साकं कुलगुरुं** वसिष्ठं **द्रष्टुम् अगमत्**।वसिष्ठ**वचनेन** पुत्र**लाभार्थं** सर्वाभीष्टप्रदायिनीं कामधेनुसुतां नन्दिनीम् **असेवत**।तत: एकविंशतितमे दिने **दिलीपस्य** भक्तिं परीक्षितुम् इच्छन्ती नन्दिनी हिमालयस्य किमपि **गह्वरं प्राविशत्**।**सपदि** केनचित् **सिंहेन** सा आक्रान्ता किल।तं सिंहं दृष्ट्वा राजा तस्य वधाय शरम् उद्धर्तुं उद्युक्त: अभवत्। किन्तु तस्य प्रयत्न: विफल: जात:।तदा सिंह: स: क: किमर्थम् अत्र तिष्ठति इत्यादिकं तं दिलीपं **मनुष्यवाचा** अवदत्। गुरो: धेनुं रक्षितुकाम: राजा स्वदेहं सिंहाय समर्पयितुं उद्युक्त:। एतस्मिन्नवसरे सिंहदिलीपयो: सम्भाषणमेव अत्र सङ्कलितम्।

ദിലീപൻ **സൂര്യവംശത്തിൻറെ(ലെ)** പ്രബലനായ രാജാവ് **ആയിരുന്നു.** മക്കൾ ഇല്ലാത്ത**ദുഃഖത്താൽ** വിഷണ്ണനായ ദിലീപൻ **പത്നിയോട്**[2] (സുദക്ഷിണയോട്) **ഒപ്പം കുലഗുരുവിനെ** വസിഷ്ഠനെ **കാണുന്നതിന്**[3] **പോയി.** വസിഷ്ഠ**വചനം ഹേതുവായിട്ട്** പുത്ര**ലാഭത്തിനായിക്കൊണ്ട്**[4] എല്ലാ

ആഗ്രഹങ്ങളും നിറവേറ്റുന്നവളെ, കാമധേനുവിൻറെ മകളെ, നന്ദിനിയെ പരിചരിച്ചു.[5] അതിനുശേഷം ഇരുപത്തിയൊന്നാം ദിവസം **ദിലീപൻറെ** ഭക്തിയെ **പരീക്ഷിക്കുന്നതിന്** ആഗ്രഹിച്ചു കൊണ്ട് നന്ദിനി ഹിമാലയത്തിൻറെ ഒരു **ഗുഹയിലേക്ക് പ്രവേശിച്ചു. പെട്ടെന്ന്** ഏതോ ഒരു **സിംഹത്തിനാൽ** അവൾ ആക്രമിക്കപ്പെട്ടു[6]**.** അതിനെ, സിംഹത്തിനെ, കണ്ടിട്ട് രാജാവ് **അതിൻറെ വധത്തിനായി ക്കൊണ്ട്** ശരം വലിച്ചെടുക്കുന്നതിന് തുനിഞ്ഞവൻ **ആയിത്തീർന്നു**. എന്നാൽ **അദ്ദേഹത്തിൻറെ** പ്രയത്നം വിഫലമായിതീർന്നു[7]. അപ്പോൾ സിംഹം അവൻ ആര് എന്തിനുവേണ്ടി ഇവിടെ നില്ക്കുന്നു മുതലായവയെകുറിച്ച് അദ്ദേഹത്തിനോട്, ദിലീപനോട്**മനുഷ്യസ്വരത്തിൽ** പറഞ്ഞു. ഈ അവസരത്തിൽ സിംഹദിലീപന്മാരുടെ സംഭാഷണം തന്നെ ഇവിടെ ചേർത്തിരിക്കുന്നത്.

---

## കുറിപ്പുകൾ

1 ഭാരവിയുടെ കിരാതാർജ്ജുനീയം, മാഘൻറെ ശിശുപാലവധം, ശ്രീഹർഷൻറെ നൈഷധീയചരിതം എന്നിവയാണ് മഹാകാവ്യങ്ങളായി പരിഗണി ക്കപ്പെടുന്ന മറ്റുകാവ്യങ്ങൾ.

**2** अनपत्यता**दु:खेन.**.......................................... തൃതീയാ വിഭക്തിയുടെ എല്ലാ അർഥങ്ങളും ഇവിടെ പറയേണ്ടതുണ്ട്. തൃതീയാ ഹേതുവായി കൊണ്ട്,ആൽ, ഓട്,ഊടെയെന്നപി. दु:खेन- **ദുഃഖത്താൽ** पत्या **പതിയോട്.** सह,साकं,समं,सार्धम् എന്നീ അവ്യയങ്ങൾ തൃതീയാന്തങ്ങളായ പദങ്ങളുടെ കൂടെ മാത്രമേ പ്രയോഗിക്കുകയുള്ളൂ എന്നതും പറയേണ്ടതാണ്.

**3** **द्रष्टुम्** ഇവിടെ അവ്യയങ്ങളുടെ ल्यबन्तम् तुमुन्नन्तम्, क्त्वान्तम् എന്നീ മൂന്നുഭേദങ്ങളും കാണിക്കണം.

4 ചതുർഥീവിഭക്തിയുടെ അർഥം ലഭിക്കുന്നതിന് अर्थ ചേർത്ത് പ്രയോഗിക്കാം. ഉദാ- पठनार्थम्, दर्शनार्थम्, क्रीडार्थम्,भोजनार्थम् ........................................

**5** (ഇവിടെ പറയേണ്ടിയിരുന്നത് പരിചരിക്കുവാൻ തുടങ്ങി എന്നായിരുന്നു.) കാരണം അതിനുശേഷം ഇരുപത്തിയൊന്നാം ദിവസം എന്നു പറയുന്പോൾ പരിചരിച്ചു കഴിഞ്ഞതിനുശേഷമുള്ള ഇരുപത്തിയൊന്നാമത്തെ ദിവസമാണോ എന്ന സംശയം नन्दिनीम् असेवत। तत: എന്ന പ്രയോഗം കൊണ്ടുണ്ടാകാം.. വാസ്തവത്തിൽ നന്ദിനിയെ പരിചരിക്കുവാൻ തുടങ്ങിയതിൻറെ ഇരുപത്തിയൊന്നാം നാൾ എന്ന അർഥം കിട്ടാതിരിക്കുവാൻ असेवतഎന്ന ഭൂതകാലപ്രയോഗം കാരണമായിത്തീരുന്നു. രഘുവംശം രണ്ടാം സർഗത്തിലെ 25മത് പദ്യത്തിൽ इत्थं व्रतं धारयत: प्रजार्थं എന്നേ കാളിദാസനും പറഞ്ഞിട്ടുള്ളൂ.

6 ദിവ്യധേനുവായ നന്ദിനിപോലും ആക്രമിക്കപ്പെട്ടു എന്ന നിശ്ചയാർഥത്തെ കാണിക്കുവാനാണ് किल എന്ന അവ്യയം പ്രയോഗിച്ചിരിക്കുന്നത്.

7 സിംഹത്തെ വധിക്കുവാനുള്ള ദിലീപൻറെ ശ്രമങ്ങൾ കേവലം പാഴായിപോയി എന്നല്ല ചിത്രത്തിനെ വരച്ചതുപോലെ നിശ്ചലമായിത്തീർന്നു എന്നാണ് കവി പറഞ്ഞത്. (चित्रार्पितारम्भ इवावतस्थे। )

Dr.Koramangalam Krishnakumar

Dr.Koramangalam Krishnakumar